# യേശുവിനെ അറിയുക

സോഫി തോമസ്

ദൈവദാനം സ്വീകരിക്കാനും വചനം ഗ്രഹിക്കാനും യേശുവിനെ ആഴത്തിൽ മനസിലാക്കേണ്ടതുണ്ടെന്ന് സിക്കാർ പട്ടണത്തിൽ യാക്കോബിന്റെ കിണറ്റിൻകരയിൽ വെള്ളം കോരാൻവന്ന സമരിയാക്കാരി സ്ത്രീയുടെ അനുഭവത്തിലൂടെ വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു.കിണറ്റിൻകരയിൽ ഇരുന്ന യേശു സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിക്കുന്നു. എന്നാൽ മറുപടി ധാർഷ്ട്യം കലർന്നതായിരുന്നു. 'നീ ഒരു യഹൂദനായിരിക്കെ സമരിയാക്കാരിയായ എന്നോട് കുടിക്കാൻ വെള്ളം ചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ?' ഒരു പുരുഷൻ, അതും യഹൂദൻ സമരിയാക്കാരിയായ സ്ത്രീയോട് ഇത്തരമൊരു സഹായമിരക്കുന്നത് വിലകുറഞ്ഞ നടപടിയല്ലേ എന്നായിരുന്നു അതിലെ ധ്വനി.

യേശുവിന്റെ മറുപടി ഇങ്ങനെയായിരുന്നു. 'ദൈവത്തിന്റെ ദാനം എന്തെന്നും എനിക്ക് കുടിക്കാൻ തരിക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ നിനക്ക് ജീവന്റെ ജലം തരികയും ചെയ്യുമായിരുന്നു'(യോഹ 4:10).

പരിശുദ്ധാത്മാവിന്റെ ദാനത്തെക്കുറിച്ചോ, അതിന്റെ ദാതാവിനെക്കുറിച്ചോ അറിവില്ലാതെ ജീവജലത്തിനായി മറ്റുപലതിനെയും ആശ്രയിക്കുന്ന ലൗകീക മനുഷ്യന്റെ യഥാർഥ രൂപമാണ് സമരിയാക്കാരി സ്ത്രീയിലൂടെ വെളിപ്പെടുന്നത്.ദൈവപുത്രനായ യേശുവിന് ദാഹജലം ലഭിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ ആത്മീയമായി വറ്റിവരണ്ട ജീവിതങ്ങളിലേയ്ക്ക് ജീവന്റെ പ്രവാഹം ഉണ്ടാകുവാനാണ് അവിടുന്ന് ആഗ്രഹിച്ചത്. അവിടുന്ന് പറയുന്നു. 'ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല.' ഭൗതികതയുടെ കിണറ്റിൽനിന്ന് കുടിക്കുന്നവന് വീണ്ടും ദാഹിക്കും. എന്നാൽ യേശുവാകുന്ന കിണറ്റിൽനിന്ന് പരിശുദ്ധാത്മാവാകുന്ന ജീവജലം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ല.

യേശുവിന്റെ പ്രബോധനങ്ങൾ ഉൾക്കൊണ്ടതോടെ വചനം ഗ്രഹിക്കാൻ അവൾ പ്രാപ്തയായി. തുടർന്ന് ജീവന്റെ ജലത്തിനായി അവൾ യാചിക്കുകയാണ്. 'പ്രഭോ, ആ ജലം എനിക്കു തരിക. മേലിൽ എനിക്ക് ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരികയും വേണ്ടല്ലോ.'ഭർത്താവില്ല എന്ന് കള്ളം പറഞ്ഞ അവളുടെ പൂർവ ചരിത്രം യേശു എണ്ണിപ്പറഞ്ഞപ്പോൾ തന്നോട് സംസാരിക്കുന്ന പ്രവാചക സ്വരം അവൾ തിരിച്ചറിയുന്നു. പുരുഷൻ അവൾക്കു വിഗ്രഹമായിരുന്നു. അത്തരം വിഗ്രഹങ്ങൾ എറിഞ്ഞുടച്ച് യഥാർഥ ദൈവാരാധനയിലേയ്ക്കു നമ്മൾ തിരിച്ചു നടക്കണം.

സമരിയാക്കാരി സ്ത്രീ കുടം അവിടെ വച്ചിട്ട്, പട്ടണത്തിലേയ്ക്കു പോയി യേശുവിന്റെ പ്രവർത്തികൾ സാക്ഷ്യപ്പെടുത്തുന്നു. വെള്ളം കോരാൻ വന്ന സ്ത്രീ കുടം ഉപേക്ഷിച്ചത് ഭൗതികത ഉപേക്ഷിച്ചതിനു തുല്യമായി കാണാം. യേശുവിനെ കണ്ടെത്തുന്നവരെല്ലാം

ചെയ്യുന്നതും അതാണ്. പാപത്തിന്റെയും ഈ ലോകത്തിന്റേതുമായ സകലതും ഉപേക്ഷിക്കുക.

സമരിയാക്കാരി സ്ത്രീ യേശുവിനെ കണ്ടെത്തിയതോടെ അവളിലൂടെ അനേകം സമരിയാക്കാർ(വിജാതിയർ) യേശുവിലേയ്ക്കു തിരിയുന്നതായി കാണാം. ഒരുവൾ യേശുവിന്റെ വചനം വിശ്വസിച്ചതിലൂടെ അനേകർക്കു രക്ഷ കൈവന്നു.

## യേശുവിനെ ഒരുവൻ അറിയാത്തതെന്തുകൊണ്ട്?

1. ദൈവ വചനത്തോടും ദൈവീക ശുശ്രൂഷകളോടുമുള്ള എതിർപ്പുമൂലം.
2. ലഭിക്കുന്ന നന്മയിൽ നിന്ന് ദൈവദാനം തിരിച്ചറിയാൻ കഴിയാത്തത്.
3. പ്രകാശത്തെക്കാളധികം അന്ധകാരത്തെ സ്നേഹിക്കുന്നതിനാൽ.
4. ദൈവദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവ ആകയാൽ അവ ഗ്രഹിക്കാൻ സാധിക്കാത്തതിനാൽ.
5. കാപട്യമുള്ള മനസിന് ദൈവവചനം അന്യം.
6. അജ്ഞത മൂലം.
7. താൽക്കാലിക ലാഭത്തിനുവേണ്ടി വ്യർത്ഥതയ്ക്കു പിന്നാലെ പോകുന്നത്.
8. വിശ്വാസക്കുറവുമൂലം ആത്മീയ രഹസ്യങ്ങൾ മനസിലാകാതെ പോകുന്നത്.
9. ഹൃദയ കാഠിന്യവും ആത്മീയ അന്ധതയും മൂലം.
10. പാപാവസ്ഥയിൽ തുടരുന്നതിനാൽ.